ലോക കേരള സഭയിൽ ഇന്ന് വികസന സമ്മേളനങ്ങൾ

തിരുവനന്തപുരം: ലോകകേരളസഭയുടെ രണ്ടാം ദിവസമായ ഇന്ന് വിവിധ വിഷയങ്ങൾ അടിസ്ഥാനമാക്കിയുള്ള മേഖലാ സമ്മേളനങ്ങൾ നടക്കും. രാവിലെ 9ന് വിവിധ വേദികളിൽ ധനകാര്യം, വ്യവസായം, വിവര സാങ്കേതികവിദ്യ, നവസാങ്കേതിക വിദ്യകൾ, പ്രവാസികളുടെ പ്രശ്നങ്ങൾ: പ്രവാസത്തിനുമുമ്പും പ്രവാസത്തിലും, കൃഷി അനുബന്ധ മേഖലകൾ, സ്ത്രീകളും പ്രവാസവും എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയാണ് സമ്മേളനങ്ങൾ.

11.30ന് തുടങ്ങുന്ന രണ്ടാം സെഷനിൽ പ്രവാസത്തിന്റെ പ്രശ്നങ്ങൾ പ്രവാസത്തിന ശേഷം, വിനോദ സഞ്ചാരം, സഹകരണം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ വിഷയങ്ങളിൽ സമ്മേളനങ്ങൾ നടക്കും. ഉച്ചയ്ക്ക് 2ന് പൊതുസഭാ സമ്മേളനം ആരംഭിക്കും. ലോക കേരളസഭയെ സംബന്ധിച്ച കാഴ്ചപ്പാടുകൾ വിവിധ മേഖലകളിലെ പ്രമുഖർ അവതരിപ്പിക്കും. തുടർന്ന് വിഷയ മേഖലകളുടെ റിപ്പോർട്ടിംഗ്. 3.45ന് മുഖ്യമന്ത്രി സമാപന പ്രസംഗം നടത്തും. വൈകിട്ട് 6.30ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഗവർണർ പി. സദാശിവം സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും. മുഖ്യമന്ത്രി പിണറായി വിജയൻ അദ്ധ്യക്ഷത വഹിക്കും. സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, മേയർ വി.കെ. പ്രശാന്ത് എന്നിവർ പ്രസംഗിക്കും. ചീഫ് സെക്രട്ടറി പോൾ ആന്റണി സ്വാഗതവും നോർക്ക സെക്രട്ടറി ബിശ്വനാഥ് സിൻഹ നന്ദിയും പറയും.

ഇനി പ്രതീക്ഷ ആഫ്രിക്കയിൽ: ചെന്നിത്തല

തിരുവനന്തപുരം: ഗൾഫ് രാജ്യങ്ങളിലെ സാദ്ധ്യതകൾ മങ്ങുമ്പോൾ ആഫ്രിക്കൻ രാജ്യങ്ങളാണ് പ്രവാസികളുടെ അടുത്ത പ്രതീക്ഷയെന്ന് ലോക കേരള സഭയിൽ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. വെല്ലുവിളികൾ നേരിടാൻ കഴിയുന്ന മലയാളികൾ മുന്നോട്ട് വരണമെന്ന് അദ്ദേഹം പറഞ്ഞു. ലോകമാറ്റത്തിനൊപ്പം മുന്നിൽ നില്ക്കാൻ മലയാളിയെ പ്രാപ്തമാക്കുന്നതിനാണ് ലോക കേരള സഭ രൂപം നൽകേണ്ടത്.

കേരളം മുമ്പേ പറക്കുന്ന പക്ഷി: വി.എസ്

തിരുവനന്തപുരം: വികസന ആസൂത്രണത്തിൽ കേരളം മുമ്പേ പറക്കുന്ന പക്ഷിയാണെന്ന് വി.എസ്. അച്യുതാനന്ദൻ പറഞ്ഞു. പുതിയ ആകാശവും പുതിയ ഭൂമിയുമാണ് ആഗ്രഹിക്കുന്നതെന്ന് ലോക കേരളസഭയിൽ അദ്ദേഹം പറഞ്ഞു. വിദേശത്ത് നിന്ന് മടങ്ങി എത്തുന്നവരിലധികവും ജീവിക്കാൻ ബുദ്ധിമുട്ടുന്നു. ഇവരുടെ ജീവിതം ചിട്ടപ്പെടുത്താൻ നമുക്ക് ബാദ്ധ്യതയുണ്ട്. അതിനായി നവീന കേരള സ്വപ്നം എല്ലാ അർത്ഥത്തിലും പൂവണിയട്ടെ എന്നും വി.എസ് പറഞ്ഞു.

വിദേശ മലയാളികൾ വലിയ പങ്ക് വഹിക്കണം: മന്ത്രി കടകംപള്ളി

തിരുവനന്തപുരം: വിദേശമലയാളികൾ കേരള ടൂറിസത്തിന്റെ ബ്രാൻഡ് അംബാസഡർമാരാവണമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. ടൂറിസം വികസനം സംസ്ഥാനത്തിന്റെ ഭാവി നിർണയിക്കുന്ന ഘടകമാണ്. ലോകകേരള സഭയിൽ 'ഏഷ്യയിലെ ഇതര രാജ്യങ്ങൾ' എന്ന ചർച്ചയിൽ അദ്ധ്യക്ഷനായിരുന്നു മന്ത്രി. ഇന്തോനേഷ്യ, സിംഗപ്പൂർ, ജപ്പാൻ, ഹോങ്കോങ്, റഷ്യ, സൗദിഅറേബ്യ എന്നിവിടങ്ങളിലെ പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു.

മാത്യു (ഇന്തോനേഷ്യൻ കേരള സമാജം), പ്രകാശ് (ശ്രീലങ്ക), രാജശേഖരൻ (സിംഗപ്പൂർ), സുനീഷ്, ജെയ്നി (ജപ്പാൻ), കേശവൻകുട്ടി (ഹോങ്കോംഗ്), സുരേഷ് (ഹോങ്കോംഗ്), ദേവദത്തൻ (റഷ്യ), സെയ്താലിക്കുട്ടി (സൗദിഅറേബ്യ), പ്രകാശ് (മലേഷ്യ), പ്രഹ്ലാദ് (സിംഗപ്പൂർ), മന്ത്രി മാത്യു ടി. തോമസ്, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ വി.കെ. രാമചന്ദ്രൻ, നോർക്ക സെക്രട്ടറി റാണി ജോർജ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

നാട് മലയാളിയുടെ ശക്തി

തിരിച്ചുപോകാൻ ഒരിടമുണ്ടെന്ന വികാരമാണ് പ്രവാസിമലയാളികളുടെ ശക്തിയെന്ന് നോവലിസ്റ്റ് അനിതാ നായർ. നാട്ടിലേക്ക് മടങ്ങിയാൽ, നാട് തങ്ങളെ ഉൾക്കൊള്ളുമോയെന്ന സംശയം പ്രവാസികൾക്കുണ്ട്. 'പ്രവാസലോകത്തിന്റെ വർത്തമാനം, കല, സംസ്കാരം' ഓപ്പൺഫോറത്തിൽ സംസാരിക്കുകയായിരുന്നു അവർ.

ചരിത്രമായി ലോക കേരളപ്പിറവി

തിരുവനന്തപുരം: അതിർവരമ്പുകളെല്ലാം ഭേദിച്ച് വളരുന്ന മലയാളി സമൂഹത്തെ ഒന്നിപ്പിച്ചുകൊണ്ട് രൂപീകരിച്ച ഉപദേശാധികാരമുള്ള ലോക കേരളസഭയ്ക്ക് തുടക്കമായി. നിയമസഭയുടെ മെമ്പേഴ്സ് ലോഞ്ചിൽ തയ്യാറാക്കിയ പ്രത്യേക സഭാ ഹാളിൽ രാവിലെ 9.30ന് മുഖ്യമന്ത്രി പിണറായി വിജയൻ കേരള സഭ ഉദ്ഘാടനം ചെയ്തു.

സഭയുടെ സെക്രട്ടറി ജനറൽ കൂടിയായ ചീഫ് സെക്രട്ടറി പോൾ ആന്റണി സഭാരൂപീകരണ പ്രഖ്യാപനം നടത്തി. നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ലക്ഷ്യവും സാംഗത്യവും വിശദീകരിച്ചു. ജനാധിപത്യ ചരിത്രത്തിൽ ശ്രദ്ധേയമായ ഒരു മാതൃക കൂടി കേരളം സൃഷ്ടിച്ചിരിക്കുകയാണെന്ന് സ്പീക്കർ പറഞ്ഞു. നിയമസഭാംഗങ്ങളും എം.പിമാരും പങ്കാളികളാകുന്ന സഭയിലുണ്ടാകുന്ന നിർദ്ദേശങ്ങളും ചർച്ചകളും ജനപ്രതിനിധിസഭകളിലും ഉന്നയിക്കപ്പെടുമെന്ന് അദ്ദേഹം പറഞ്ഞു.

കേരളത്തിന്റെ അതിർത്തികൾ ലോകത്തോളം വളർന്നതായി മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിന് പുറത്തുള്ള മലയാളിയും അകത്തുള്ള മലയാളിയുമെന്ന വേർതിരിവ് ഇല്ലാതാകണം. വികസനത്തിലും നയരൂപീകരണത്തിലും പ്രവാസികളും ക്രിയാത്മക പങ്കാളിത്തം വഹിക്കണം. അന്താരാഷ്ട്രരംഗത്ത് സ്വാധീനം ചെലുത്താൻ കഴിയുന്ന മലയാളി പ്രവാസികൾക്ക് നാടിനും നാട്ടുകാർക്കും വേണ്ടി പലതും ചെയ്യാനാകും. ലോകത്ത് അറിവിന്റെ വിപ്ലവത്തിന് ചാല് കീറുന്നവരുടെ മുൻനിരയിൽ മലയാളികളുണ്ട്. അവരുടെ സേവനം നമ്മുടെ സർവകലാശാലകളിൽ പ്രയോജനപ്പെടുത്താനാകണം. അതിലൂടെ അന്താരാഷ്ട്ര വിജ്ഞാനഘടനയിലേക്ക് നമ്മുടെ വിജ്ഞാനഘടനയും വിളക്കിച്ചേർക്കാനാവുമെന്നും മുഖ്യമന്ത്രി പറഞ്ഞു. കരട് രേഖയും അദ്ദേഹം അവതരിപ്പിച്ചു.

പ്രസീഡിയത്തിലേക്ക് ഡെപ്യൂട്ടി സ്പീക്കർ വി. ശശി, ആന്റോ ആന്റണി എം.പി, വ്യവസായി എം.എ. യൂസഫലി, ഡോ. അനിരുദ്ധൻ, സി.കെ. ഹരിലാൽ, സിനിമാ സംവിധായികയും നടിയുമായ രേവതി എന്നിവരെ സ്പീക്കർ നിർദ്ദേശിച്ചു. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, വി.എസ്. അച്യുതാനന്ദൻ എന്നിവരും സംസാരിച്ചു.

ആദ്യസഭയിൽ ഡോ. എം.എസ്. വല്യത്താൻ,

കെ.ജി. ബാലകൃഷ്ണൻ, എം.എ. യൂസഫലി, രവി പിള്ള രാജ്യസഭാ ഉപാദ്ധ്യക്ഷൻ പി.ജെ. കുര്യൻ, ഡോ. സ്വാമിനാഥൻ, വെങ്കിടേഷ് രാമകൃഷ്ണൻ, പ്രൊഫ. എ. ഗോപാലകൃഷ്ണൻ, പ്രൊഫ. ജോർജ് ഗീവർഗീസ് ജോസഫ്, പ്രദീപ് തലാപ്പിൽ, സത്യഭാമാദാസ്, പ്രൊഫ. പ്രഹ്ലാദ് വടക്കേപ്പാട്ട് തുടങ്ങിയ പ്രമുഖർ എത്തി. എന്നാൽ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനം, ബി.ജെ.പി എം.പിമാരായ സുരേഷ്ഗോപി, റിച്ചാർഡ്ഹേ എന്നിവരുടെ അസാന്നിദ്ധ്യം ശ്രദ്ധിക്കപ്പെട്ടു. ആദ്യസഭയിൽ നിന്ന് പ്രതിപക്ഷ ഉപനേതാവ് ഡോ. എം.കെ. മുനീർ ഇറങ്ങിപ്പോയത് കല്ലുകടിയായി. സമ്മേളന ഹാളിൽ മുനീറിന് ഇരിപ്പിടം സജ്ജമാക്കിയത് പിന്നിലായിരുന്നു. മറ്റ് പലർക്കും മുൻനിരയിൽ ഇരിപ്പിടം നൽകിയപ്പോൾ പിന്നിലേക്ക് മാറ്റിയത് മുനീർ ഉൾപ്പെടെ പ്രതിപക്ഷത്തുള്ളവരിൽ പ്രതിഷേധമുണ്ടാക്കി. പിന്നീട് മുൻനിരയിൽ സീറ്റ് നൽകി അദ്ദേഹത്തെ അനുനയിപ്പിച്ച് വീണ്ടും പങ്കെടുപ്പിച്ചു.

രണ്ടുദിവസത്തെ സമ്മേളനത്തിൽ വിവിധ മേഖലകൾ തിരിച്ചുള്ള ചർച്ചകൾ, നിശാഗന്ധിയിലെ സമാപനസമ്മേളനം, കലാപരിപാടികൾ എന്നിവയാണുള്ളത്.

സംസ്ഥാന നിയമസഭയിലെ 141 അംഗങ്ങളും 20 ലോക്സഭാംഗങ്ങളും 10 രാജ്യസഭാംഗങ്ങളും നാമനിർദ്ദേശം ചെയ്യപ്പെട്ടവരും കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിയും ഉൾപ്പെടെ 174 പേരും പ്രവാസികളെ പ്രതിനിധീകരിച്ച് 177 പേരും ഉൾപ്പെടെ 351 പേരാണ് ലോക കേരളസഭയിലുള്ളത്.

നിയമസഭാ മന്ദിരത്തിൽ നടക്കുന്ന ലോക കേരളസഭയുടെ സദസ്

നിയമസഭാ മന്ദിരത്തിൽ നടക്കുന്ന ലോക കേരളസഭയുടെ ഉദ്ഘാടന ചടങ്ങിലെ മന്ത്രിമാരുടെ നിര

ലോക കേരള സഭയിൽ പങ്കെടുക്കാൻ നിയമസഭയിലെത്തിയ ശോഭനയും കെ. എസ്. ചിത്രയും സംഭാഷണത്തിൽ

ചിത്ര പാടി കേരളം.. കേരളം...

തിരുവനന്തപുരം: ''കേരളം കേരളം കേളി കൊട്ടുയരുന്ന കേരളം കേളീ കദംബം പൂക്കും കേരളം കേര കേളീ സദനമെൻ കേരളം...'' കെ.എസ്. ചിത്ര പാടിയപ്പോൾ ലോക കേരളസഭയിലെ പ്രതിനിധികൾ ഒന്നടങ്കം അതിൽ ലയിച്ചു. കെ.ജെ. യേശുദാസിന്റെ ഈ ഗാനം ചിത്ര പാടി തീർന്നപ്പോൾ ഹർഷാരവത്തോടെയാണ് അംഗങ്ങൾ എതിരേറ്റത്. ഉദ്ഘാടന സെഷനിലെ അവസാനത്തെ പ്രാസംഗികയായി ചിത്രയെ ക്ഷണിച്ച സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ പ്രസംഗത്തിനൊടുവിൽ ഒരു ഗാനം കൂടി ആലപിക്കണമെന്ന് പറഞ്ഞു. അങ്ങനെ പ്രസംഗത്തിനൊടുവിൽ പാട്ടോടുകൂടിയാണ് ഉച്ചഭക്ഷണത്തിന് പിരിഞ്ഞത്.

നിയമസഭാ മന്ദിരത്തിൽ നടക്കുന്ന ലോക കേരളസഭയിൽ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല സംസാരിക്കുന്നു

ലോക കേരളസഭയിൽ എ.കെ.ജിയെ അനുസ്മരിച്ച് മുഖ്യമന്ത്രി പിണറായി...

തിരുവനന്തപുരം: എ.കെ.ജിയെക്കുറിച്ചുള്ള യുവ പ്രതിപക്ഷ എം.എൽ.എയുടെ ഫേസ്ബുക്ക് പോസ്റ്റിന്റെ വിവാദത്തിനിടെ

ലോക കേരളസഭയുടെ ഉദ്ഘാടന പ്രസംഗത്തിൽ എ. കെ. ജിയെ മുഖ്യമന്ത്രി അനുസ്മരിച്ചത് ശ്രദ്ധേയമായി. ജനാധിപത്യമെന്നത് ദൂരെനിന്ന് ആരാധനാപൂർവം നോക്കിത്തൊഴാനുള്ള ശ്രീകോവിലല്ല. മറിച്ച് അകമേ കടന്നുചെന്ന് സാമൂഹ്യമാറ്റത്തിനുവേണ്ടി ഇടപെടേണ്ട പ്രവൃത്തിമണ്ഡലമാണ്. ഇക്കാര്യം രാജ്യത്തെ ജനാധിപത്യത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ ചൂണ്ടിക്കാട്ടിയ മഹാനാണ് എ.കെ.ജിയെന്ന് മുഖ്യമന്ത്രി പറഞ്ഞു.

എ. കെ. ജിയെ സംബന്ധിച്ചിടത്തോളം, പുറത്ത് ജീവിക്കാൻ വേണ്ടി പോരാടുന്നവരുടെ മനോവികാരം അലയടിക്കേണ്ട സ്ഥലമായിരുന്നു പാർലമെന്റ്. മന്ത്രങ്ങളോ കീർത്തനങ്ങളോ അപദാനങ്ങളോ മുഴക്കേണ്ട ഇടമല്ലായിരുന്നു. എ.കെ.ജി കാട്ടിയ വഴിയേ തന്നെയാണ് പാർലമെന്റ് പിന്നീട് എന്നും സഞ്ചരിച്ചത്. ജനവികാരം അവിടെ അലയടിച്ചു. അവരുടെ ആശയാഭിലാഷങ്ങൾ പ്രതിഫലിച്ചു. ലോക കേരളസഭയിലും അതുതന്നെയാണുണ്ടാവേണ്ടതെന്നും മുഖ്യമന്ത്രി പറഞ്ഞു.

നിയമസഭാ മന്ദിരത്തിൽ നടക്കുന്ന ലോക കേരളസഭയിൽ വി. എസ്. അച്യുതാനന്ദൻ സംസാരിക്കുന്നു

മുനീർ ഇറങ്ങിപ്പോയി; മുന്നിൽ സീറ്റൊരുക്കി തിരിച്ചു വിളിച്ചു

തിരുവനന്തപുരം: ലോക കേരള സഭയിൽ പിന്നിൽ സീറ്റ് നൽകിയതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ ഉപനേതാവും മുസ്ലിംലീഗ് നേതാവുമായ ഡോ. എം.കെ. മുനീർ ഇറങ്ങിപ്പോയി. ഒടുവിൽ മുഖ്യമന്ത്രിയും സ്പീക്കറും അബദ്ധം പറ്റിയതാണെന്നും തിരിച്ച് വരണമെന്നും അറിയിച്ചതിനെ തുടർന്ന് അദ്ദേഹം മടങ്ങിയെത്തി.

മൂന്നാമത്തെ നിരയിൽ 93-ാമത്തെ സീറ്റാണ് എം.കെ. മുനീറിന് ഒരുക്കിയിരുന്നത്.

രാവിലെ 8ന് ചിരിച്ചുകൊണ്ട് സഭയിലെത്തിയ മുനീർ സീറ്റ് കണ്ട് എം.വി. ജയരാജനോട് പറഞ്ഞു ഞാൻ ഓടിളക്കി വന്നതല്ല, 18 എം.എൽ.എമാരുള്ള പാർട്ടിയുടെ നേതാവാണ്. നടക്കട്ടെ, എല്ലാ നന്മകളും നേരുന്നുവെന്ന് പറഞ്ഞ് ഇറങ്ങിപ്പോവുകയായിരുന്നു.

എം. എൽ.എ ഹോസ്റ്റലിലെത്തിയ അദ്ദേഹം പാർട്ടി സംസ്ഥാന പ്രസിഡന്റ് തങ്ങളുമായി ബന്ധപ്പെട്ടു. മറ്റ് എം.എൽ.എമാരുമായി ആലോചിച്ച് ഉചിതമായ തീരുമാനമെടുക്കാൻ തങ്ങൾ നിർദ്ദേശിച്ചു. ഉടനേ ലീഗ് എം.എൽ.എമാരുടെ യോഗം വിളിച്ചു.

രണ്ട് എം.എൽ.എമാർ ഒഴിച്ച് കുഞ്ഞാലിക്കുട്ടി എം.പി യടക്കം യോഗത്തിൽ പങ്കെടുത്തു. യോഗം നടന്നുകൊണ്ടിരുന്നപ്പോൾ ജയരാജൻ വീണ്ടും വിളിച്ചു. ഒന്നാം നിരയിൽ 29-ാമത്തെ സീറ്റ് ഒരുക്കിയിരിക്കുകയാണെന്നും വരണമെന്നും നിർബന്ധിച്ചു. അങ്ങനെ പോകാൻ തീരുമാനിക്കുകയായിരുന്നു.

എം. എൽ. എമാരെയെല്ലാം പിറകിലാക്കിയിട്ട് മുന്നിൽ വ്യവസായികൾക്ക് സീറ്റ് ഒരുക്കിയതിലായിരുന്നു മുനീറിന്റെ നീരസം. നിയമസഭയിൽ പ്രതിപക്ഷ നേതാവിനടുത്തിരിക്കുന്ന തനിക്ക് ആ പരിഗണന കിട്ടാത്തതുകൊണ്ടാണ് പ്രതിഷേധിച്ചതെന്ന് മുനീർ പിന്നീട് പറഞ്ഞു. മുന്നിൽ ലേബർ ക്യാമ്പിലെ തൊഴിലാളികളാണിരുന്നതെങ്കിൽ താൻ അവർക്ക് പിന്നിലിരിക്കുമായിരുന്നുവെന്നും മുനീർ വ്യക്തമാക്കി.

തിരിച്ചെത്തിയ മുനീർ 29-ാമത്തെ സീറ്റിലിരുന്നു. മറ്റാർക്കോ വേണ്ടി ഒരുക്കിയതായിരുന്നു ഈ സീറ്റ്. ആ പേര് കീറിക്കളഞ്ഞിട്ടാണ് മുനീറിന് സീറ്റ് ഒരുക്കിയത്.

നവകേരള സൃഷ്ടിക്ക് മാതൃക: പി.ജെ.കുര്യൻ

തിരുവനന്തപുരം: നവകേരള സൃഷ്ടിക്ക് ലോക കേരള സഭ മാതൃകയാണെന്ന് രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ പി.ജെ. കുര്യൻ പറഞ്ഞു. ജനപ്രതിനിധികളും പ്രവാസികളും ഒരുമിച്ചുള്ള സമ്മേളനം ഇന്ത്യയിൽ ആദ്യമാണ്. ഇതിന് മുൻകൈയെടുത്ത സംസ്ഥാന സർക്കാരിനെ അഭിനന്ദിക്കുന്നതായി ലോകകേരളസഭയിൽ അദ്ദേഹം പറഞ്ഞു. പ്രവാസികളെ വേണ്ടവിധം ഇതുവരെ ഉപയോഗിച്ചിട്ടില്ല. അതിനുള്ള സാഹചര്യമുണ്ടാവണം. പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ നാം വിജയിച്ചിട്ടില്ല. ഉത്സവ സീസണുകളിൽ വിമാനടിക്കറ്റ് നിരക്ക് കൂട്ടുന്നതടക്കമുള്ള നിരവധി പ്രശ്നങ്ങളുണ്ട്. കേരളത്തിന് പുറത്തുള്ള മലയാളികളാണ് രാജ്യസ്നേഹികൾ, അകത്തുള്ളവർ മടിയൻമാരാണെന്നും അദ്ദേഹം പറഞ്ഞു.

ഹർത്താൽ മുതൽ ഇൻഷ്വറൻസ് വരെ

തിരുവനന്തപുരം: ഹർത്താൽ മുതൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് വരെയുള്ള വിഷയങ്ങളാണ് ലോക കേരളസഭയുടെ ആദ്യദിനത്തിൽ ചർച്ചയായത്. സഭാരൂപീകരണം സംസ്ഥാനത്തിന്റെ വികസനത്തിന് ചാലകമാവണമെന്ന് രാജ്യസഭാ ഉപാദ്ധ്യക്ഷൻ പി.ജെ. കുര്യനും മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനും പറഞ്ഞു.

പ്രവാസി സമ്പത്ത് നാടിന്റെ വികസനത്തിനുപയോഗിക്കേണ്ടതിന്റെ ആവശ്യവും ഹർത്താലിന്റെ ദൂഷ്യഫലങ്ങളും എം.എ. യൂസഫലി ചൂണ്ടിക്കാട്ടി.

മടങ്ങിയെത്തുന്ന പ്രവാസികളുടെ ആരോഗ്യസംരക്ഷണത്തിന് പ്രാധാന്യം നൽകണമെന്ന് ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. ഗൾഫ് പ്രവാസം താത്കാലികമാണെങ്കിൽ യൂറോപ്പ്, അമേരിക്ക എന്നിവിടങ്ങളിലെ പ്രവാസം തലമുറകൾ നീളുന്നതാണെന്ന് മന്ത്രി തോമസ് ഐസക് പറഞ്ഞു. റിക്രൂട്ട്മെന്റിലെ ചൂഷണം, മതിയായ രേഖകളില്ലാതെ തങ്ങുന്ന മലയാളികളുടെ പ്രശ്നങ്ങൾ, നിക്ഷേപം, വ്യവസായം എന്നിവയും ചർച്ചയായി. പ്രവാസി ഡാറ്റാബാങ്ക് വേണമെന്നും പ്രവാസം അവസാനിപ്പിച്ച് മടങ്ങിയെത്തുന്നവരുടെ സാങ്കേതിക വൈദഗ്ദ്ധ്യവും പരിചയസമ്പത്തും സംസ്ഥാനം ഉപയോഗപ്പെടുത്തണമെന്നും

പ്രതിനിധികൾ ആവശ്യപ്പെട്ടു. ആരോഗ്യമേഖലയും മെഡിക്കൽ ടൂറിസവും വളരാൻ കേരളത്തെ മാലിന്യമുക്തമാക്കണമെന്ന് സഭയിൽ നിർദ്ദേശമുയർന്നു. എംബസികളിൽ തപാൽ വോട്ട് ചെയ്യാൻ സൗകര്യം വേണമെന്നും റിക്രൂട്ട്മെന്റിലെ തട്ടിപ്പ് തടയാൻ സർക്കാർ ഇടപെടണമെന്നും പ്രതിനിധികൾ ആവശ്യപ്പെട്ടു. മന്ത്രിമാരായ തോമസ് ഐസക്, വി.എസ്. സുനിൽകുമാർ, എം.പിമാരായ പി.കെ. ബിജു, പി.കെ. ശ്രീമതി, എം.എൽ.എമാരായ സി.എഫ്. തോമസ്, പി.ടി. തോമസ്, രാജു എബ്രഹാം എന്നിവരുടെ നേതൃത്വത്തിലായിരുന്നു ചർച്ച.

പ്രവാസി സ്ത്രീകൾക്ക് സുരക്ഷാകേന്ദ്രങ്ങൾ

പ്രവാസി സ്ത്രീകളുടെ സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്താൻ സഹായകേന്ദ്രങ്ങൾ തുടങ്ങണമെന്ന് സാമൂഹ്യപ്രവർത്തക സുനിതാ കൃഷ്ണൻ പറഞ്ഞു. ജോലി തേടിപ്പോവുന്ന സ്ത്രീകൾ പീഡനത്തിനിരയാവുന്നത് വർദ്ധിക്കുകയാണ്. മലയാളി കൂട്ടായ്മകളുണ്ടെങ്കിലും ഇവരുടെ പ്രശ്നങ്ങൾ ഫലപ്രദമായി പരിഹരിക്കുന്നില്ല. ഇതിനായി ഹെൽപ്ഡെസ്കുകൾ തുടങ്ങണം.

അന്യസംസ്ഥാനക്കാരുടെ പ്രശ്നവും പരിഹരിക്കണം

വിദേശത്തു മാത്രമല്ല അന്യസംസ്ഥാനങ്ങളിലുള്ളവരുടെ പ്രശ്നങ്ങളും പരിഹരിക്കണമെന്ന് നടിയും സംവിധായികയുമായ രേവതി പറഞ്ഞു.

സഭയിലെ അംഗത്വം വലിയ ഉത്തരവാദിത്വമായാണ് കാണുന്നതെന്നും രേവതി പറഞ്ഞു.

ഹർത്താൽ 24 മണിക്കൂർ മുമ്പേ പ്രഖ്യാപിച്ചുകൂടേ?: എം.എ. യൂസഫലി

തിരുവനന്തപുരം: കേരളത്തിൽ ഹർത്താൽ നടത്തുന്നവർ 24 മണിക്കൂർ മുമ്പേ പ്രഖ്യാപിക്കുന്നത് നന്നായിരിക്കുമെന്ന് പ്രമുഖ വ്യവസായി എം.എ. യൂസഫലി ലോക കേരളസഭയിൽ പറഞ്ഞു. ഗൾഫിൽനിന്ന് ലീവിന് നാട്ടിലെ വിമാനത്താവളത്തിൽ എത്തുമ്പോൾ ഹർത്താലാണെന്ന് അറിയുമ്പോഴുള്ള അവസ്ഥ അതിഭീകരമാണ്. വീട്ടിലെത്താൻ കഴിയാത്ത അവസ്ഥ. പിന്നെ വിമാനത്താവളത്തിൽ തന്നെ കാത്തിരിക്കേണ്ടി വരുന്നു.

വിദ്യാഭ്യാസമുള്ളവർക്ക് ഗൾഫിൽ ഇനി ജോലി കിട്ടുക പ്രയാസമാണെന്നും ഇത് ദൂരവ്യാപകപ്രത്യാഘാതമുണ്ടാക്കുമെന്നും അദ്ദേഹം ചൂട്ടിക്കാട്ടി. ഇന്ത്യയിൽ സാമ്പത്തിക കണക്കിൽ കേരളം ഇരുപതാമതാണ്. കേരളം പിറകോട്ട് പോയതിൽ ദുഃഖമുണ്ട്. ഇരുപതാം സ്ഥാനം ഒന്നോ, രണ്ടോ ആക്കാനുള്ള ശ്രമമാണ്. അതിന് ലോക കേരളസഭയിൽ ഉന്നയിക്കുന്ന കാര്യങ്ങൾ നിയമസഭയിൽ വരുമ്പോൾ വേഗം പാസാക്കണമെന്നും യൂസഫലി പറഞ്ഞു.

നിയമസഭാ മന്ദിരത്തിൽ നടക്കുന്ന ലോക കേരളസഭയിൽ വ്യവസായികളായ രവി പിള്ളയും എം.എ. യൂസഫലിയും ഹസ്തദാനം ചെയ്യുന്നു

രവിപിള്ള (വ്യവസായി)

എല്ലാ ഗൾഫ് രാജ്യങ്ങളും സ്വദേശികൾക്ക് ജോലി നൽകി തുടങ്ങിയതോടെ വിദേശികളുടെ സാദ്ധ്യതകുറയുന്നു. സൗദിയിൽ ലെവി സംവിധാനം ഏർപ്പെടുത്തിയതോടെ മലയാളികൾ വലിയ തുക അടയ്ക്കേണ്ടിവരുന്നു. ഇതുകൊണ്ട് ധാരാളം പേർ അവിടെ നിന്ന് മടങ്ങിവരികയാണ്. തൊഴിൽ വൈദഗ്ദ്ധ്യമുള്ളവർക്കേ ഇനി ഗൾഫിൽ ജോലികിട്ടുകയുള്ളൂ. കേരളത്തിൽ നിക്ഷേപം നടത്താൻ ധാരാളം മലയാളികളുണ്ട്. അതിന് എൻ.ആർ.ഐയുടെ സിംഗിൾവിൻഡോ സംവിധാനം ഉണ്ടാവണം.

ആസാദ്മൂപ്പൻ (വ്യവസായി)

ഗൾഫിൽ നിന്ന് മടങ്ങി വരുന്നവർക്ക് തൊഴിൽ നൽകാൻ ആയിരം പഞ്ചായത്തുകളിൽ എൻ.ആർ.ഐ കോ ഓപ്പറേറ്റീവ് സൊസൈറ്റി തുടങ്ങണമെന്ന് ആസാദ് മൂപ്പൻ പറഞ്ഞു. മടങ്ങിവരുന്നവർ രോഗവുമായാണ് വരുന്നത്. സമ്പാദ്യം മുഴുവൻ ചികിത്സയിൽ തീരുന്നു. അതിനാൽ ഗൾഫ് മലയാളിക്കായി ആരോഗ്യ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കണമെന്നും അദ്ദേഹം പറഞ്ഞു.

കെ.ജി.ബാലകൃഷ്ണൻ (സുപ്രീംകോടതി മുൻ ചീഫ്ജസ്റ്റിസ്)

കേരളത്തിന്റെ ടൂറിസം, വ്യവസായം, ഭക്ഷ്യഉത്പന്നങ്ങളെല്ലാം മറ്റുള്ളവരുടെ ശ്രദ്ധയിൽ കൊണ്ടുവരണം. ഇവിടെ കൂടുതൽ നിക്ഷേപങ്ങൾ പ്രവാസികൾ നടത്തണം.

ഡോ.എം.എസ്.വല്യത്താൻ

ആരോഗ്യ, വിദ്യാഭ്യാസ മേഖലയിൽ കേരളം നേട്ടം കൈവരിച്ചെങ്കിലും വയോജനങ്ങളെ പെരുവഴിയിൽ ഉപേക്ഷിക്കുന്ന അവസ്ഥ പെരുകി വരികയാണ്. പ്രതിവർഷം 2.5 ശതമാനം പേരെയാണ് ഇങ്ങനെ ഉപേക്ഷിക്കുന്നത്. 2027 ആകുമ്പോൾ ഇത് 20 ശതമാനമാകുമെന്നാണ് കണക്ക്. കൂട്ടുകുടുംബ വ്യവസ്ഥയുടെ തകർച്ച മൂലമാണിത്.

സുനിതാകൃഷ്ണൻ (സാമൂഹ്യപ്രവർത്തക)

കേരളം ശരിക്കും ദൈവത്തിന്റെ സ്വന്തം നാടായി മാറണമെങ്കിൽ സ്ത്രീകൾ സുരക്ഷിതരായിരിക്കണം. എത്രയോ സ്ത്രീകളാണ് തൊഴിൽ തേടി അന്യനാട്ടുകളിലേക്ക് പോകുന്നത്. കേരളം സമത്വത്തിന്റെ നാടാവണം.

രേവതി (ചലച്ചിത്രതാരം)

ഗൾഫിൽ ജോലി ചെയ്യാൻ പോകുന്ന സ്ത്രീകൾക്ക് അവിടുത്തെ രീതിയെപ്പറ്റി പരിശീലനം നൽകണം. നഴ്സെന്നും പറഞ്ഞു കൊണ്ടുപോയിട്ട് വീട്ടുജോലി ചെയ്യിക്കുന്നു. സാമ്പത്തികമായും മാനസികമായും അവർ തകർന്ന് പോകുന്നു.

പുതിയ ഭാഷ പഠിക്കൂ, അൽഷിമേഴ്സിനെ അകറ്റൂ

കെ.പി.കൈലാസ്നാഥ്

തിരുവനന്തപുരം : 'തന്മാത്ര' സിനിമയിലെ രമേശൻ നായരെ പോലുള്ള അൽഷിമേഴ്സ് രോഗികൾ കേരളത്തിൽ ഉണ്ടാവാനുള്ള സാദ്ധ്യത കൂടുതലാണ്. ചികിത്സിച്ച് ഭേദമാക്കാനുള്ള മരുന്നുകൾ ഇല്ലെങ്കിലും അൽഷിമേഴ്സ് വരാതിരിക്കാനുള്ള വിദ്യകൾ കണ്ടെത്തിയിട്ടുണ്ട്. അതിൽ പ്രധാനം പ്രായമുള്ളവർ പുതിയ ഭാഷ പഠിക്കുക എന്നതാണ്. പുതിയ ഭാഷ പഠിക്കുമ്പോൾ ബുദ്ധിശക്തി നിരന്തരം പ്രവർത്തിക്കുന്നതിനാൽ അൽഷിമേഴ്സ് വരാതെ തടയാം. ധ്യാനം പോലെ ഏകാഗ്രതയുള്ള പ്രക്രിയകളും അൽഷിമേഴ്സിനെ തടയുമെന്ന് നിഗമനമുണ്ട്. ഗ്രൂപ്പ് ആക്ടിവിറ്റികൾ, ബുദ്ധി വികസിക്കുന്ന കളികൾ എന്നിവയും പരിഹാരമാണ്.

ഫ്രഞ്ച് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഹെൽത്തിലെ അൽഷിമേഴ്സ് ഗവേഷകനായ ഡോ. സിയ ഷെരീഫ് ആണ് ഇത് പറയുന്നത്.

കേരളത്തിൽ വൃദ്ധരുടെ എണ്ണം കൂടുകയാണ്. 50 വയസു കഴിഞ്ഞവരെക്കാൾ അൽഷിമേഴ്സ് സാദ്ധ്യത കൂടുതൽ 60 കഴിഞ്ഞവർക്കാണ്. പ്രായം കൂടുന്തോറും രോഗസാദ്ധ്യത കൂടും. അതിനാൽ വൃദ്ധരോട് സർക്കാരിന് കൂടുതൽ ശ്രദ്ധ വേണം.

കേരളത്തിലെ ആരോഗ്യമേഖലമെച്ചപ്പെടുത്താൻ മലയാളികളായ വിദഗ്ദ്ധരുടെ സേവനം സർക്കാർ പ്രയോജനപ്പെടുത്തണം. എപ്പിഡമോളജി പോലുള്ള മേഖലകളിൽ ലോക പ്രശസ്തരായ മലയാളി ശാസ്ത്രജ്ഞരുണ്ട്. ഇവരുടെയൊക്കെ സേവനം തേടണം.

കേരളത്തിൽ ശാസ്ത്രഗവേഷണം കരിയറായി എടുക്കുന്നവരുടെ എണ്ണം കുറവാണ്. വർഷങ്ങൾ കൊണ്ടേ ഈ മേഖലയിൽ സ്ഥിരപ്രതിഷ്ഠ നേടാനാവൂ എന്നതാണ് പ്രധാന തടസമെന്നും ഡോ. സിയ പറഞ്ഞു.

അൽഷിമേഴ്സ് നേരിടാൻ

- 2010ൽ ലോകത്താകെ ചെലവിട്ടത് 604 ദശലക്ഷം ഡോളർ (3800 കോടി രൂപ)
- 2016ൽ ഇത് 7000 കോടി രൂപയായി

സിയ ഷെരീഫ്

ലോക കേരളസഭയിൽ പങ്കെടുക്കാൻ ഫ്രാൻസിൽ നിന്നെത്തിയതാണ് പത്തനാപുരം സ്വദേശിയായ ഡോ. സിയ ഷെരീഫ് (31). എക്സ്പെരിമെന്റൽ ഫിസിക്സിൽ ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. ലോകപ്രശസ്ത അൽഷിമേഴ്സ് വിദഗ്ദ്ധയായ ഡോ. ഗെയിലിന്റെ മേൽനോട്ടത്തിലാണ് ഗവേഷണം.

ലോക കേരള സഭയുടെ ഭാഗമായി നിയമസഭയ്ക്ക് മുന്നിൽ ഓഖി ദുരന്തത്തിൽ മരിച്ചവർക്ക് അന്ത്യാഞ്ജലി അർപ്പിച്ച് നിർമ്മിച്ച ഇൻസ്റ്റലേഷനിൽ മുഖ്യമന്ത്രി പിണറായി വിജയൻ മെഴുകുതിരി തെളിച്ചപ്പോൾ. മന്ത്രിമാരായ ഇ. ചന്ദ്രശേഖരൻ, കെ. ടി. ജലീൽ. കടകംപള്ളി സുരേന്ദ്രൻ, ജി. സുധാകരൻ, എ. കെ ബാലൻ, വി. എസ്. സുനിൽകുമാർ, പ്രഭാവർമ്മ എന്നിവർ സമീപം.